# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.364

## 03-03-2020 ൽ മറുപടിക്ക്

### എടപ്പറമ്പ്-കോളിച്ചാൽ റോഡ് നിർമ്മാണം

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ | മറുപടി<br>ഡോ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കാസർഗോഡ് ജില്ലയിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി സാമ്പത്തിക അനുമതി നൽകിയ എടപ്പറമ്പ്-കോളിച്ചാൽ റീച്ചിൽ നാല് കിലോമീറ്ററോളം റിസർവ് ഫോറസ്റ്റിലൂടെ കടന്നുപോകുന്നതിനാൽ ഈ ഭാഗത്ത് ടാറിങ് ഒഴിവാക്കി കോൺക്രീറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്ന വിഷയം പരിഗണിക്കുമോ; | പരിഗണിച്ചിട്ടുണ്ട്. കിഫ്ബിയുടെ ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗം 16.10.2019 ൽ നടത്തിയ പരിശോധനയുടെ ഭാഗമായി ഇതുമായി ബന്ധപ്പെട്ട നിർദേശം 23.10.2019 ൽ പദ്ധതി നിർവ്വഹണ ഏജൻസിയെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. വനം വകുപ്പിന്റെ അനുമതി വേണ്ട 4 കിലോമീറ്റർ ദൂരം 6 മീറ്റർ വീതിയിൽ കോൺക്രീറ്റ് റോഡ് ചെയ്യുന്നതിനാണ് നിർദേശം നൽകിയിട്ടുള്ളത്. |
| (ബി) വനം വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിനും കൂടുതൽ സ്ഥലത്തിന്റെ ആവശ്യകത ഒഴിവാക്കുന്നതിനും റോഡ് സംരക്ഷണത്തിനും കോൺക്രീറ്റ് ചെയ്യുന്നത് ഗുണം ചെയ്യുമെന്നതിനാൽ പ്രസ്തുത നാല് കി.മീ. ദൂരം കോൺക്രീറ്റ് ചെയ്യുന്നതിന് കിഫ്ബി അനുമതി നൽകുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | |

സെക്ഷൻ ഓഫീസർ